# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3776 21.06.2018-ൽ മറുപടിയ്ക്ക്

## ലോട്ടറി

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ഇതര സംസ്ഥാന ലോട്ടറികൾ പ്രവർത്തിക്കുന്നുണ്ടോ; ഇവയെ നിയന്ത്രിക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിനകത്ത് ഇപ്പോൾ ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നില്ല. നിയമാനുസൃതമല്ലാത്ത ലോട്ടറി നടത്തിപ്പ് നിയന്ത്രിക്കുന്നതിലേയ്ക്കായി സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് വേണ്ടി 2005 ലെ കേരള പേപ്പർ ലോട്ടറീസ് റഗുലേഷൻ റൂൾസിൽ 2018 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 28.04.2018 ലെ ജി.ഒ (പി) നമ്പർ 66/2018/റ്റി.ഡി. നമ്പർ ടാക്സസ് (എച്ച്) വകുപ്പിന്റെ മേൽ ഭേദഗതി ഉത്തരവ് പ്രകാരം ലോട്ടറി നടത്തിപ്പ് നിയന്ത്രിക്കുന്നതിനും, നിരീക്ഷിക്കുന്നതിനുമായി അതോറിറ്റി, എൻഫോഴ്സ്മെന്റ് ഏജൻസി എന്നിവ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന ലോട്ടറി വ്യാപാരത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;കണക്കുകൾ സഹിതം വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളസംസ്ഥാന ലോട്ടറി വ്യാപാരത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ടു മുൻപത്തെ സാമ്പത്തിക വർഷത്തിൽ (2015-16) വില്ക്കപ്പെട്ട ആകെ ടിക്കറ്റുകളുടെ എണ്ണം 1,783,117,104 ആയിരുന്നത് 2016-17 സാമ്പത്തിക വർഷത്തിൽ 2,051,973,971 ആയും, 2017-18 സാമ്പത്തിക വർഷത്തിൽ 3,131,685,373 ആയും വർദ്ധിക്കുകയുണ്ടായി. പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ ലോട്ടറിയിൽ നിന്നുളള ലാഭം ചുവടെ ചേർക്കുന്നു |

| Financial Year | Profit (Crore) |
|---|---|
| 2015-16 | 1461.16 |
| 2016-17 | 1691.05 |
| 2017-18 | 1695.05(+GST841.69 Crore) |

സെക്ഷൻ ഓഫീസർ